പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2108 — 23.03.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി പ്രതിസന്ധിമൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | രൂക്ഷമായ വൈദ്യുതി പ്രതിസന്ധി മൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത നേരിടാൻ എന്തെല്ലാം നടപടികൾ ബോർഡ് എടുത്തിട്ടുണ്ട് ; | (എ) | വൈദ്യുതി ക്ഷാമം മൂലമുണ്ടായ അധിക സാമ്പത്തിക ചെലവ് നേരിടാൻ കെ. എസ്. ഇ. ബി ഓവർ ഡ്രാഫ്റ്റായും ഹ്രസ്വകാല വായ്പയായും കടമെടുത്തിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ റവന്യൂ കമ്മി നികത്തുന്നതിനുവേണ്ടി 2011-12 വർഷത്തിൽ അനുവദിച്ച 887.81 കോടി രൂപ ക്യാഷ് സബ്സിഡിയായി കെ. എസ്. ഇ. ബിക്ക് നൽകണമെന്ന സബ്ജക്ട് കമ്മിറ്റി VII ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി തുക അനുവദിച്ചു നൽകണമെന്നാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (സി) | അധിക സാമ്പത്തിക ബാധ്യത ഉണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു ? | (സി) | വൈദ്യുതി ഉപഭോഗത്തിലുണ്ടായ വൻവർദ്ധനവ്, അന്താരാഷ്ട്ര ഇന്ധനവില വർദ്ധനവ്മൂലവും മറ്റു കാരണങ്ങളാലും സെൻട്രൽ ജനറേഷൻ/ട്രാൻസ്മിഷൻ യൂണിറ്റുകളുടെ റേറ്റുകൾ ഉയർത്തി പുനർനിർണ്ണയം ചെയ്തത്, 2008-12 കാലയളവിലെ ശമ്പള പുനർനിർണ്ണയം മൂലമുണ്ടായ അധിക ചെലവ്, മറ്റു ചെലവുകളിൽ കാലാകാലങ്ങളിലുണ്ടായ വർദ്ധന തുടങ്ങിയ കാരണങ്ങളാൽ |